ADFW/2957/2021-VC

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി: 29/07/2021

# സർക്കുലർ

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഫലവർഗ്ഗങ്ങളുടെ വിപുലമായ വികസനപദ്ധതി 2021-22 – ഒരു കോടി ഫലവൃക്ഷ തൈകളുടെ വിതരണം – മാർഗ്ഗരേഖ നടപ്പിലാക്കുന്നത്- സംബന്ധിച്ച്.

സൂചന :- സർക്കാർഉത്തരവ്(Rt)നം594/2021/അഗ്രിതീയതി 15/07/2021 തിരുവനന്തപുരം.

കൃഷി വകുപ്പ് സംസ്ഥാനത്ത് വിവിധ ഇനം ഫലവർഗ്ഗ വിളകളുടെ (ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ്) വികസനത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ 2190 ലക്ഷം രൂപയുടെ വർഷിക പദ്ധതിക്കായി ഭരണാനുമതി ലഭിച്ചു. ടി പദ്ധതിയുടെ ഒരു മുഖ്യ ഘടകമാണ് ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതി. വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതി നടത്തിപ്പിനായി 1102 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളുമായ പ്ലാവ്, മാവ്, മാതളം, പാഷൻ ഫ്രൂട്ട്, ചാമ്പ ഇനങ്ങൾ, സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, മുരിങ്ങ, കറിവേപ്പ്, കൊടംപുളി, റമ്പൂട്ടാൻ, മാഗോസ്റ്റീൻ, പപ്പായ, വാഴ ഇനങ്ങൾ, ചതുരപുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻ പുളി, സീതപ്പഴം (അനോന), ബറാബ, കസ്റ്റേഡ് ആപ്പിൾ (ആത്ത), നെല്ലി തുടങ്ങിയ 30 ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനുമായി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 2021 ജൂൺ 11 മുതൽ 2021 സെപറ്റംബർ 17 വരെയും, രണ്ടാം ഘട്ടം 2021 സെപ്റ്റംബർ 18 മുതൽ 2022 ഫെബ്രുവരിയിൽ അവസാനിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ പൊതു നിർദ്ദേശങ്ങൾ, ഫലവർഗ്ഗ തൈകളുടെ വിതരണം, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ **വഹിക്കേണ്ട ചുമതലകൾ എന്നിവ ചുവടെ ചേർക്കുന്നു.**

## 1.പൊതു നിർദ്ദേശങ്ങൾ

1.1 സംസ്ഥാനത്തെ കാർഷിക പാരിസ്ഥിതികമേഖലയ്ക്ക് അനുയോജ്യമായ ഫലവൃക്ഷ തൈകളാണ് നട്ടുപിടിപ്പിക്കേണ്ടതാണ്.

1.2 കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ ഏജൻസികൾ വഴി തയ്യാർ ചെയ്യപ്പെട്ടിരിക്കുന്ന നടീൽ വസ്തുക്കൾ സംബന്ധിച്ച വിവരം സംസ്ഥാനതലത്തിൽ കൃഷി വകുപ്പ് ക്രോഡീകരിച്ച് ഓരോ ജില്ലക്കും രണ്ട് ഘട്ടങ്ങളായാണ് വിതരണം നടത്തുന്നത്. ഒന്നും രണ്ടും ഘട്ടങ്ങളിൽ ആകെ അനുവദിച്ച ഭൗതീക ലക്ഷ്യം, വിവിധ ഏജൻസികളിൽ ലഭ്യമായ ഫലവൃക്ഷതൈകൾ സൂചിപ്പിക്കുന്ന പട്ടിക **അനുബന്ധം – A (phase 1), A1 (phase 2), A2 (phase 1 &2 Total)** യിൽ ചേർത്തിരിക്കുന്നു.

1.3 പദ്ധതിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനു കൃഷി വകുപ്പ് തല കമ്മിറ്റി, ജില്ലാതല കമ്മറ്റി, തദ്ദേശഭരണ സ്ഥാപന കമ്മിറ്റികൾ (കാർഷിക വികസന സമിതി) യഥാസമയം ചുമതലപ്പെട്ട കൃഷി ഉദ്യോഗസ്ഥർ വിളിച്ചു ചേർക്കണ്ടതാണ്. കമ്മിറ്റിയുടെ വിശദാംശം **അനുബന്ധം – B** ആയിചേർത്തിരിക്കുന്നു.

1.4 വിവിധവകുപ്പുകൾ/ഏജൻസികൾവഴിഉല്പാദിപ്പിക്കുന്നഫലവൃക്ഷതൈകളുടെ സംസ്ഥാനതല ക്രോഡീകരണവും അവയുടെ വിതരണവും തുടർന്നുള്ള അവലോകനവും കൃഷിവകുപ്പ്തലകമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്. ഇതിന്റെ പ്രധാന ചുമതല കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ്, ബയോഗ്യാസ് &വെജിറ്റബിൾ) ആയിരിക്കും.

1.5 ജില്ലാതലത്തിൽജില്ലാകളക്ടറുടെഅദ്ധ്യക്ഷതയിൽജില്ലാതലകമ്മിറ്റിരൂപീകരിക്കേണ്ടതും ,പദ്ധതിയുടെ ജില്ലാതലത്തിലെ ഫലവർഗ്ഗതൈകളുടെ രണ്ട്ഘട്ടങ്ങളായുള്ള വിതരണം, നടീൽ, പരിപാലനം എന്നിവ ഏകോപിപ്പിക്കേണ്ടതും ഘട്ടം ഘട്ടമായുള്ള പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. സ്ഥലത്തിന്റെ വിസ്തൃതി, കുടുംബങ്ങളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ അനുപാതകമായി ഫലവൃക്ഷ തൈകൾ ലഭിക്കത്തക്ക വിധത്തിലാവണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിതരണ പട്ടിക തയ്യാറാക്കുവാൻ. ഓരോ ഗ്രാമപഞ്ചായത്തിലും, കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്./അയ്യങ്കാളി തൊഴിലുറപ്പ് - ന്റെ പക്കലുള്ള തൈകളുടെ ലഭ്യത തിട്ടപ്പെടുത്തിയ ശേഷമാവണം മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള തൈകൾ വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച പ്ലാൻ തയ്യാറാക്കേണ്ടതാണ്.

1.6 ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ/കോർപ്പറേഷനുകൾ/മുൻസിപ്പാലിറ്റികളിൽഫലവൃക്ഷതൈകളുടെവിതരണവുമായിബന്ധപ്പെട്ട്കാർഷികവികസനസമിതികൂടിതീരുമാനിക്കേണ്ടതുംഅവയുടെനടീലിനുംതുടർപരിപാലനത്തിനുംനേതൃത്വംനൽകേണ്ടതുമാണ്. കൃഷിഭവൻതലത്തിൽഅർഹതപ്പെട്ടഗുണഭോക്താക്കളെകണ്ടെത്തുന്നതിനുള്ളചുമതല ബന്ധപ്പെട്ടഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി,/കോർപ്പറേഷനുകളിലെകാർഷികവിക

സനസമിതിയ്ക്കായിരിക്കും. ഒന്നും രണ്ടും ഘട്ടങ്ങളിലെ തൈ വിതരണവും നടീലും നിർദ്ദിഷ്ട സമയത്തിനുള്ളിൽ നടപ്പിലാക്കുന്നു എന്ന് കാർഷിക വികസന സമിതി ഉറപ്പ വരുത്തേണ്ടതാണ്.

1.7 തദ്ദേശ സ്വയംഭരണ സ്ഥാപനം, കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്./ അയ്യങ്കാളി തൊഴിലുറപ്പ് സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ എല്ലാ വീട്ടുവളപ്പുകൾ,പൊതുസ്ഥലങ്ങൾ,പാതയോരങ്ങൾ,സർക്കാർ കെട്ടിടങ്ങളുടെ വളപ്പുകൾ,സ്കൂൾ കോമ്പൗണ്ടുകൾ,വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫലവൃക്ഷതൈകൾ നട്ടുപിപ്പിക്കേണ്ടതാണ്.

1.8 പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളും സമയബന്ധിതമായി തന്നെ ഫലവൃക്ഷതൈകൾ കൃഷി ഭവനുകളിൽ എത്തിക്കേണ്ടതാണ്. കൂടാതെ വാഹനത്തിൽ കയറ്റിറക്കത്തിൽ തൈകൾക്ക് കേടുപാടുണ്ടായാൽ അതാത് ഏജൻസികളിൽ നിന്നു തന്നെ പകരം പുതിയ തൈകൾ വാങ്ങേണ്ടതാണ്. തൈകൾക്ക് കേടുപാടുണ്ടെങ്കിൽ വിവരം 4 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഏജൻസികളെ അറിയിക്കേണ്ടതാണ്.

1.9 ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂക്കൾച്ചർ തൈകൾ ഒഴികെയുള്ള ഫലവൃക്ഷ തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്യേണ്ടതും ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂക്കൾച്ചർ തൈകൾ തുടങ്ങിയവയ്ക്ക് 25% വില ഗുണഭോക്തൃവിഹിതം ഈടാക്കി വിതരണം ചെയ്യേണ്ടതുമാണ്. ഡിപ്പാർട്ട്മെന്റ് ഫാമിൽ ഉല്പാദിപ്പിക്കുന്ന ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂക്കൾച്ചർ തൈകൾ എന്നിവയ്ക്കും 25%വില ഗുണഭോക്തൃവിഹിതം ഈടാക്കുകയും തൈകൾ സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. പദ്ധതിയിൻ കീഴിൽ വിതരണം ചെയ്യുന്ന ഫലവർഗ്ഗങ്ങളുടെ വില **അനുബന്ധം – C** ൽ ചേർത്തിരിക്കുന്നു.

1.10 ഫലവൃക്ഷത്തൈ വിതരണം ചെയ്യുന്ന ഏജൻസികൾക്കുള്ള തുക അടച്ചശേഷം ആയതിന്റെ വിവരങ്ങൾ അതാത് ഓഫീസർമാർ നേരിട്ട് ഏജൻസികളെ രേഖാമൂലം അറിയിക്കേണ്ടതാണ്.

1.11 പൊതു ഇടങ്ങളിൽ വച്ചു പിടിപ്പിക്കുന്ന ഫലവർഗ്ഗ തൈകളുടെ തുടർ പരിപാലനം കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, സന്നദ്ധ സംഘടനകൾ, പൊതുസ്ഥാപനങ്ങൾ എന്നിവർക്കായിരിക്കും. ഇത് കാർഷിക വികസന സമിതി തീരുമാനിക്കേണ്ടതാണ്. പാർശ്വവൽകൃത വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയിൽ നട്ടു പിടിപ്പിക്കുന്ന ഫലവൃക്ഷ തൈകളുടെ പരിപാലനം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി/ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കേണ്ടതാണ്.

1.12 പദ്ധതി സംബന്ധിച്ച് വിപുലമായ പ്രചാരണ പ്രവർത്തനം വിവിധ വാർത്താ മാധ്യമങ്ങളിലൂടെ നടത്തേണ്ടതും അവ യഥാസമയം ഡോക്യുമെന്റ് ചെയ്യേണ്ടതുമാണ്. ഫലവൃക്ഷ തൈകളുടെ വിതരണത്തിനായി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

1.13 കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് പരമാവധി തൈകൾ വിതരണം ചെയ്യുകയും നട്ടുപിടിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 2. ഫലവർഗ്ഗതൈകളുടെ വിതരണവും, പരിപാലനവും

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഫലവർഗ്ഗവികസനപദ്ധതിയുടെ ഭാഗമായി താഴെപറയുന്ന വിവിധ ഏജൻസികൾ വഴിയാണ് ഈപദ്ധതിയ്ക്ക്ആവശ്യമായ ഒരു കോടി ഫലവൃക്ഷങ്ങൾ തൈകൾ ഉല്പാദിപ്പിക്കുന്നത്.

**വിവിധ വകുപ്പുകൾ വഴി ഉല്പാദനപ്പിച്ച് വിതരണം ചെയ്യുന്ന ഫലവൃക്ഷ തൈകൾ**

| ക്രമ നം. | വകുപ്പ്/ഏജൻസി | ആദ്യഘട്ടം (എണ്ണംലക്ഷത്തിൽ) | രണ്ടാംഘട്ടം (എണ്ണംലക്ഷത്തിൽ) | ആകെ (എണ്ണം ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | സംസ്ഥാനകൃഷി വകുപ്പ് ഫാമുകൾ | 3625800 | 1000200 | 4626000 |
| 2 | വി.എഫ്.പി.സി.കെ. | 1125000 | 875000 | 2000000 |
| 3 | കാർഷിക സർവ്വകലാശാല | 416825 | 357175 | 774000 |
| 4 | കാർഷികകർമ്മ സേന/അഗ്രോ സർവ്വീസ്സെന്റർ | 1400000 | 100000 | 1500000 |
| 5 | എം.ജി.എൻ.ആർ.ജി.എസ്. /അയ്യങ്കാളി തൊഴിലുറപ്പ് | 350000 | 650000 | 1000000 |
| 6 | കുടുംബശ്രീ | 100000 | 0 | 100000 |
| **ആകെ** | | **7017625** | **2982375** | **10000000** |

ഫലവർഗ്ഗ തൈ വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

2.1 ഫലവർഗ്ഗതൈവിതരണവുമായിബന്ധപ്പെട്ട്30 ഇനം തൈകളാണ വിതരണം നടത്തേണ്ടത്.

2.2 പ്ലാവ്, മാവ്, വാളൻപുളിഎന്നിവയുടെതൈകൾപൂർണ്ണമായുംഒഴിവാക്കേണ്ടതാണ്. എന്നാൽപ്ലാവ്, മാവ്എന്നിവയുടെഗ്രാഫ്റ്റുകൾവിതരണംചെയ്യാവുന്നതാണ്.

2.3 വിവിധ ഏജൻസികൾ ഓരോ മാസവും ലഭ്യമാക്കുന്ന ഫലവൃക്ഷ തൈകളുടെ പട്ടിക **അനുബന്ധം - D** ചേർത്തിരിക്കുന്നു.

2.4 ഗ്രാമ പഞ്ചായത്ത് തല കാർഷിക വികസന സമിതിയുടെ യോഗം ചേർന്ന് പദ്ധതിക്കു അനുയോജ്യമായ ഗുണഭോക്താക്കളേയും പൊതുസ്ഥലങ്ങളും കണ്ടെത്തേണ്ടണം

2.5 അപേക്ഷകർ അഗ്രിക്കൾച്ചറൽ ഇൻഫർമേഷൻ മാനേജമെന്റ് സിസ്റ്റം (AIMS) പോർട്ടലിൽ ഓൺ ലൈൻ ആയി രജിസ്റ്റർ ചെയ്യുകയോ, അപേക്ഷ നേരിട്ട് കൃഷി ഭവനിൽ നൽകുകയോ ചേയ്യാവുന്നതാണ്.

2.6 എല്ലാ കൃഷി ഭവനുകളിലും രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും. അതിൽലഭിച്ചതും, വിതരണം ചെയ്യുന്നതുമായ ഫലവൃക്ഷത്തൈകളുടെ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

2.7 ഓരോ പഞ്ചായത്തിലും നൽകിയിട്ടുള്ളതും കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളതുമായ ഫലവൃക്ഷതൈകളുടെ വിവരങ്ങൾ ബ്ലോക്ക് തലത്തിൽ Google Spread sheet ൽ വിവരങ്ങൾനൽകേണ്ടതാണ്.

2.8 ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള ഫലവൃക്ഷതൈകളുടെ ടാർജറ്റ് അനുസരിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ വിവിധ ഏജൻസികൾക്ക് മുൻ കൂട്ടി ഇൻഡന്റ് നൽകി സമയബന്ധിതമായി ഫലവൃക്ഷ തൈകൾ കൃഷി ഭവനുകളിൽ എത്തിക്കേണ്ടതാണ്.

2.9 ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന തൈകൾ കൃഷി ഓഫീസറുടെ ഉത്തരവാദിത്വത്തിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

2.10 കൃഷി വകുപ്പ് നിശ്ചയിച്ച നിരക്കിലായിരിക്കണം ഫലവർഗ്ഗ തൈകൾ സംഭരിച്ച് വിതരണം ചെയ്യേണ്ടത്.

**3. വിവിധ വകുപ്പുകൾ/ഏജൻസികൾ അല്ലെങ്കിൽ സ്ഥാപങ്ങൾ ഉല്പാദിപ്പിക്കുന്ന തൈകൾ വിതരണം ചെയ്യേണ്ടത് താഴെ പറയും പ്രകാരമായിരിക്കണം.**

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി ഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക കർമ്മസേന/അഗ്രോ സർവ്വീസ് സെന്റർ, കാർഷിക സർവ്വകലാശാല, എം.ജി.എൻ.ആർ.ജി.എസ്./അയ്യങ്കാളി തൊഴിലുറപ്പ്, കുടംബശ്രീ എന്നീ സ്ഥാപനങ്ങൾ ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന ഗ്രാഫ്റ്റ്, ലെയർ ടിഷ്യൂകൾച്ചർ തൈകൾ ഒഴികെയുള്ള ഫലവൃക്ഷ തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്. **ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂകൾച്ചർ തൈകൾ തുടങ്ങിയവയ്ക്ക് 25% വില ഈടാക്കി വിതരണം ചെയ്യേണ്ടതാണ്.**

(ബി) എം.ജി.എൻ.ആർ.ജി.എസ്./അയ്യങ്കാളി തൊഴിലുറപ്പ് പ്രകാരം ഉല്പാദിപ്പിക്കുന്ന തൈകൾ സൗജന്യമായി വേണം വിതരണം ചെയ്യാൻ. എന്നാൽ ഗുണഭോക്തൃ കുടുംബം തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടികയുടെ അഞ്ചാം ഖണ്ഡികയിൽ പരാമർശിക്കുന്ന പാർശ്വവൽകൃത വിഭാഗത്തിൽ പെട്ടവരായിരിക്കണം. കൂടാതെ കുടുംബത്തിന് തൊഴിൽ കാർഡ് ഉണ്ടായിരിക്കേണ്ടതും കുടുംബത്തിൽ ഒരംഗം ആ പ്രവർത്തിയിൽ അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെട്ടിരിക്കേണ്ടതുമാണ്.

## 4. പദ്ധതിയുടെ ധനവിനയോഗം

ഫലവർഗ്ഗ വികസനം പദ്ധതിയുടെ വികസനത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ 2190 ലക്ഷം രൂപ വർഷിക പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. ഇതിൽ നിന്നും ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതിയ്ക്കായി 1102 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

| ക്രമ നം | ഘടകം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | നടീൽ വസ്തുക്കൾ | 907 |
| 2 | ട്രാൻസ്പോർട്ടേഷൻ | 150 |
| 3 | മറ്റു ചിലവുകൾ (ഓപ്പറേഷണൽ എക്സ്പെൻസ്സ്) | 45 |
| | **ആകെ** | **1102** |

**ജില്ല തിരിച്ചുള്ള സാമ്പത്തിക വിഹിത വിവരങ്ങൾ**

### 4.1 തൈകൾക്ക് അനുവദിച്ചിട്ടുള്ള ജില്ല തിരിച്ചുള്ള സാമ്പത്തിക ലക്ഷ്യം

| ക്രമ നം | ജില്ല | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 72 |
| 2 | കൊല്ലം | 62 |
| 3 | പത്തനംതിട്ട | 57 |
| 4 | ആലപ്പുഴ | 57 |
| 5 | കോട്ടയം | 57 |
| 6 | ഇടുക്കി | 62 |
| 7 | എറണാകുളം | 67 |
| 8 | തൃശ്ശൂർ | 84 |
| 9 | പാലക്കാട് | 84 |
| 10 | മലപ്പുറം | 72 |
| 11 | കോഴിക്കോട് | 77 |
| 12 | വയനാട് | 47 |
| 13 | കണ്ണൂർ | 62 |
| 14 | കാസർഗോഡ് | 47 |
| | **ആകെ** | **907** |

4.2 **തൈകൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ജില്ല തിരിച്ചുള്ള സാമ്പത്തിക ലക്ഷ്യം**

| **ക്രമ നം** | **ജില്ല** | **തുക (ലക്ഷത്തിൽ)** |
|---|---|---|
| 1 | തിരുവനന്തപുരം | 12 |
| 2 | കൊല്ലം | 9 |
| 3 | പത്തനംതിട്ട | 8 |
| 4 | ആലപ്പുഴ | 8 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 9 |
| 7 | എറണാകുളം | 11 |
| 8 | തൃശ്ശൂർ | 15 |
| 9 | പാലക്കാട് | 15 |
| 10 | മലപ്പുറം | 12 |
| 11 | കോഴിക്കോട് | 14 |
| 12 | വയനാട് | 6 |
| 13 | കണ്ണൂർ | 9 |
| 14 | കാസർഗോഡ് | 6 |
| 15 | ഹെഡ് ക്വോട്ടേസ് | 8 |
| | **ആകെ** | 150 |

**4.3 മറ്റു അനുബന്ധ ചിലവുകൾ (ഓപ്പറേഷണൽ എക്സ്പെൻസ്സ്) ജില്ല തരിച്ചുള്ള തുക**

| **ക്രമ നം** | **ജില്ല** | **തുക (ലക്ഷത്തിൽ)** |
|---|---|---|
| 1 | തിരുവനന്തപുരം | 3 |
| 2 | കൊല്ലം | 3 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 3 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 3 |
| 8 | തൃശ്ശൂർ | 3 |
| 9 | പാലക്കാട് | 3 |
| 10 | മലപ്പുറം | 3 |

| | | |
|---|---|---|
| 11 | കോഴിക്കോട് | 3 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 3 |
| 14 | കാസർഗോഡ് | 3 |
| 15 | ഹെഡ് ക്വോട്ടേർ | 3 |
| | **ആകെ** | 45 |

### 5. കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ ചുമതലകൾ

കൃഷി വകുപ്പിലെ വിവിധ ഉദ്യോഗസ്ഥരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

### 5.1 കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ്, ബയോഗ്യാസ് &വെജിറ്റിബൾ)

പദ്ധതിയുമായി ബന്ധപ്പെട്ട് ഫാമിൽ ഉല്പാദിപ്പിക്കേണ്ടതായ നടീൽ വസ്തുക്കളുടെ ഉല്പാദനം, പരിപാലനം എന്നിവയുടെ മേൽ നോട്ടവും പദ്ധതിയിൽ ഭാഗമാകുന്ന വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന മെക്കനൈസേഷൻ മിഷൻ, കുടുംബശ്രീ, എം.ജി.എൻ.ആർ.ജി.എസ്./ അയ്യങ്കാളി തൊഴിലുറപ്പ് എന്നിവയുടെ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിന്റെ ഏകോപനം നടപ്പിലാക്കേണ്ടതാണ്. കൂടാതെ കൃഷി വകുപ്പ് തല കമ്മിറ്റിയുടെ കൺവീനർ എന്ന നിലയ്ക്ക് പദ്ധതിയുടെ ഭാഗമായി ഉല്പാദപ്പിക്കുന്ന ഫലവർഗ്ഗ തൈകളുടെ ജില്ലാ തല വിതരണവും സംസ്ഥാനതല ഏകോപനവും മോണിറ്ററിംങ്ങും നിർവ്വഹിക്കേണ്ടതാണ്.

### 5.2 ജില്ലപ്രിൻസിപ്പൽകൃഷിഓഫീസർ

(എ) ജില്ലയിലെപ്രിൻസിപ്പൽകൃഷിഓഫിസർമാർപദ്ധതിയുമായിബന്ധപ്പെട്ടജില്ലയിലെഎല്ലാപ്രവർത്തനങ്ങളുംഏകോപിക്കേണ്ടതുംമേൽനോട്ടംവഹിക്കേണ്ടതുമാണ്.

(ബി) പ്രിൻസിപ്പൽകൃഷിഓഫിസർമാർഅതാത് ബ്ലോക്കുകളുടെ നോഡൽ ഓഫീസർമാരായ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരെ പദ്ധതിയുടെ മോണിറ്ററിംഗ് ചുമതല എൽപ്പിക്കേണ്ടതാണ്.

(സി) ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റിയുടെ കൺവീനർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ആയതിനാൽ പ്രസ്തുത കമ്മറ്റി വിളിച്ചു ചേർക്കേണ്ട ചുമതല അതാത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കായിരിക്കും.

(ഡി) ജില്ലയ്ക്ക് അനുവദിച്ച ഭൗതീക ലക്ഷ്യം അനുസരിച്ച് കൃഷിഭവൻ തലത്തിൽ വിതരണം ചെയ്യേണ്ട പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്) ന് നൽകേണ്ടതാണ്.

(ഇ) ജില്ലയ്ക്ക് അനുവദിച്ച തൈകൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും എടുത്ത് കൃഷിഭവനുകളിൽ എത്തിക്കുന്നതിനുള്ള വാഹന സൗകര്യം സജ്ജമാക്കേണ്ടതാണ്. ഇതിലേയ്ക്കായി കൃഷി ഫാമുകളിൽ നിന്നുള്ള വാഹനങ്ങളോ എൻജിനീയർ വിഭാഗത്തിലുള്ള വാഹനങ്ങളോ നടീൽ വസ്തുക്കളുടെ വിതരണത്തിന് വാടകയ്ക്ക്

എടുത്തിട്ടുള്ള വാഹനങ്ങളോ ഉപയോഗിച്ച് നടീൽ വസ്തുക്കളുടെ സംഭരണ വിതരണം നടത്താവുന്നതാണ്. കൂടാതെ അഗ്രോ-സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങളുടെ വാഹനങ്ങളും തൈ വിതരണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

(എഫ്) വി.എഫ്.പി.സി. യ്ക്ക് അനുവദിച്ച ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് **അനുബന്ധം – E യിൽ** ഉൾപ്പെടുത്തിയിരിക്കുന്നു.

(ജി) വാഹനത്തോടൊപ്പം ഒരു ഓഫീസ് അസിസ്റ്റന്റിനെ നടീൽ വസ്തുക്കൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റി കൃഷിഭവനുകൾക്കു നൽകി രസീത് വാങ്ങുന്നതിനും ചുമതലപ്പെടുത്തേണ്ടതാണ്.

(എച്ച്) ജില്ലാ തലത്തിൽ ഫലവൃക്ഷതൈകളുടെ വിതരണം സംബന്ധിച്ച് കൃഷിഭവൻ തിരിച്ചുള്ള ഒരു കലണ്ടർ തയ്യാറാക്കേണ്ടതും വിതരണവും പുരോഗതിയും സംബന്ധിച്ചുള്ള പ്രതിവാര റിപ്പോർട്ടും നൽകേണ്ടതാണ്.

## 5.4 കൃഷിഡെപ്യൂട്ടിഡയറക്ടർ (ഹോർട്ടിക്കൾച്ചർ)

ജില്ലാ കൃഷി ഓഫീസറെ സഹായിക്കുന്നതിനായി താഴെ പറയുന്ന ചുമതലകൾ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടിക്കൾച്ചർ) നിർവ്വഹിക്കേണ്ടതാണ്.

(എ) പദ്ധതിയുടെ ഭാഗമായി ജില്ലയിൽ വിതരണം ചെയ്യേണ്ട നടീൽ വസ്തുക്കളുടെ വിതരണ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക.

(ബി) വിതരണത്തിന് ആവശ്യമായ വാഹന സൗകര്യം ക്രമീകരിക്കുക.

(സി) തൈകൾ യഥാസമയം കൃഷിഭവനുകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

(ഡി) വിതരണ കലണ്ടർ തയ്യാറാക്കുക.

(ഇ) പദ്ധതിപ്രവർത്തനത്തിന്റെസുഗമമായനടത്തിപ്പിനായിപ്രിൻസിപ്പൽകൃഷിഓഫീസറെ സഹായിക്കുക.

(എഫ്) പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ കൃഷി ഭവനുകളിൽ നിന്നും ഫലവൃക്ഷതൈ വിതരണം നടത്തിയതിന്റെയും /നട്ടുപിടിപിച്ചതിന്റെയും ഫോട്ടോസ് ശേഖരിച്ച് ഡൊക്യുമെന്റ് ചെയ്ത് കൃഷി ഡയറക്ടേറ്റിൽ നൽകേണ്ടതാണ്.

(ജി) പദ്ധതിയുമായി ബന്ധപ്പെട്ട **Google Spread sheet** അപ്ഡേഷനുകൾ സമയബന്ധിതമായി ചേയ്യേണ്ടതാണ്.

(എച്ച്) ഓരോ കൃഷി ഭവനുകളിലും ഏത് മാസം എത് ഇനം തൈകൾ എത്തുമെന്നതിന്റെ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി എല്ലാ കൃഷി ഭവനുകളിലും നൽകേണ്ടതാണ്.

## 5.5 കൃഷിഡെപ്യൂട്ടിഡയറക്ടർ(വൈ.പി.)

(എ) ഡിപ്പാർട്ട്മെന്റ് ഫാമുകളിലെനടീൽവസ്തുക്കളുടെഫാംപ്ലാൻശേഖരിച്ച് ആയത് ജില്ലാതലത്തിൽ ക്രോഡീകരിച്ച് ജില്ലാപ്ലാൻ തയ്യാറാക്കി ഡയറക്ടർക്ക് സമർപ്പിക്കുക.

(ബി) ഫാമുകളിലെ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിന്റെ നേരിട്ടുള്ള മേൽ നോട്ടം നിർവ്വഹിക്കുക.

(സി) ജില്ലകൾ വിതരണത്തിനു തയ്യാറാക്കിയിട്ടുള്ള നടീൽവസ്തുക്കളുടെ പൂർണ്ണ വിവരങ്ങൾ കൃഷി ഡെപ്യൂട്ടി ഡയറക്ടർ(എച്ച്)-ന് കൈമാറുക.

(ഡി) ജില്ലക്കകത്തുള്ള വി.എഫ്.പി.സി.കെ., കാർഷികസർവ്വകലാശാല, മെക്കനൈസേഷൻമിഷൻ, കുടുബശ്രീ, എം.എൻ.ആർ.ഇ.ജി.എസ്./അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ഉല്പാദന പ്രക്രിയ ഏകോപിപ്പിക്കുകയും നടീൽവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുക എന്നീ ചുമതലകൾ കൂടിനിർവഹിക്കേണ്ടതാണ്

## 5.6 ബ്ലോക്ക് തലകൃഷിഅസിസ്റ്റന്റ് ഡയറക്ടർ

(എ) കൃഷിഅസിസ്റ്റന്റ് ഡയറക്ടർപദ്ധതിയുമായിബന്ധപ്പെട്ട് ബ്ലോക്കിലെഎല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കേണ്ടതുംമേൽനോട്ടംനിർവ്വഹിക്കേണ്ടതുമാണ്.

(ബി) ബ്ലോക്ക് തലകൃഷിഭവനുകളുടെഫലവൃക്ഷതൈകളുടെഭൗതീകലക്ഷ്യംശേഖരിച്ച് ക്രോഡീകരിച്ച് ജില്ലാഓഫീസിൽസമയബന്ധിതമായികൈമാറേണ്ടതാണ്.

(സി) ബ്ലോക്ക് തലകൃഷിഭവനുകളുടെനടീൽവസ്തുക്കളുടെവിതരണംസംബന്ധിച്ച് പ്രതിവാരറിപ്പോർട്ട് ക്രോഡീകരിച്ച് പ്രിൻസിപ്പൽകൃഷിഓഫീസർക്കുനൽകേണ്ടതാണ്.

## 5.7 കൃഷിഓഫീസർ

(എ) ഗ്രാമപഞ്ചായത്ത് തലത്തിൽതൈകളുടെവിതരണത്തിന്റെചുമതലഗ്രാമപഞ്ചായത്ത് തലകൃഷിഭവനുകൾക്കായിരിക്കും.

(ബി) കൃഷിഭവൻതലത്തിൽ വീട്ടുവളപ്പുകൾ, പൊതുസ്ഥലങ്ങളിൽ വിതരണം ചെയ്യുന്ന ഫലവൃക്ഷതൈകളുടെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(സി) പദ്ധതിയെ സംബന്ധിച്ച് വിപുലമായ പ്രചാരണ പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.

(ഡി) ഫലവൃക്ഷതൈകൾ വീട്ടുവളപ്പിൽ നട്ടുപടിപ്പിക്കുന്നതിന് ആവശ്യമുള്ള കർഷരുടെ രജിസ്ട്രേഷൻ കൃഷിഭവനുകളിൽ ചെയ്യേണ്ടതാണ്.

(ഇ) പൊതുസ്ഥലങ്ങൾ, പാതയോരങ്ങൾ, സർക്കാർകെട്ടിടങ്ങളുടെവളപ്പുകൾ, സ്കൂൾകോമ്പൗണ്ടുകൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ആവശ്യമുള്ള ഫലവൃക്ഷതൈകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ പ്രവർത്തകർ, എം.എൻ.ആർ.ഇ.ജി.എസ്.എന്നിവരുടെ സഹായത്തോടെ സ്ഥലങ്ങൾ കണ്ടെത്തുകയും നടുന്നതിനുള്ള നടപടി സ്വീകരിക്കുയും ചെയ്യുക.

(എഫ്) പ്രസ്തുത പദ്ധതിയെ സംബന്ധിച്ചുള്ള വിശദവിവങ്ങൾ കാർഷിക വികസന സമിതിയിൽ അറിയിക്കേണ്ടതാണ്.

(ജി) വിതരണം സംബന്ധിച്ചുള്ള പ്രതിവാര റിപ്പോർട്ട് ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കു നൽകേണ്ടതാണ്.

(എച്ച്) എം.എൻ.ആർ.ഇ.ജി.എസ്. ഉൾപ്പെടുത്തിക്കൊണ്ട് തൈകൾ നട്ടുപിടിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. പൊതുഭൂമിയിലും പാർശ്വവൽകൃത വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയിലും ഫലവൃക്ഷ തൈകൾ നട്ടു പരിപാലിക്കൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കുവാൻ സാധിക്കും. സ്വകാര്യ ഭൂമിയിൽ പ്രവർത്തി ഏറ്റെടുക്കുമ്പോൾ ഗുണഭോക്തൃ കുടുംബം തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടികയുടെ അഞ്ചാം ഖണ്ഡികയിൽ പരാമർശിക്കുന്ന പാർശ്വവൽകൃത വിഭാഗത്തിൽ പെട്ടവരായിരിക്കണം. കൂടാതെ കുടുംബത്തിന് തൊഴിൽകാർഡ് ഉണ്ടായിരിക്കേണ്ടതും കുടുംബത്തിൽ ഒരംഗം ആ പ്രവർത്തിയിൽ അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെട്ടിരിക്കേണ്ടതുമാണ്.

(ഐ) നടീൽ വസ്തുക്കളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട് എം.എൻ.ആർ.ഇ.ജി.എസ്., കുടുംബശ്രീകൾക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതാണ്.

(ജെ) കൃഷി ഓഫീസർമാർ വിവിധ വകുപ്പ്/ഏജൻസി യിൽ നിന്നും ലഭിക്കുന്ന ഫലവൃക്ഷ തൈകൾ സ്റ്റോക്കിൽ ചേർക്കേണ്ടതും, പ്രത്യേകം രെജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം നടത്തേണ്ടതുമാണ്.

(കെ) അഗ്രിക്കൾച്ചറൽ ഇൻഫർമേഷൻ മാനേജമെന്റ് സിസ്റ്റം (AIMS) പോർട്ടലിൽ അപേക്ഷകൻ നേരിട്ടോ കൃഷി ഭവൻ മുഖാന്തിരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്.മുഴുവൻ അപേക്ഷകരേയും രജിസ്റ്റർ ചെയ്തു വേണം ഫലവർഗ്ഗ തൈ വിതരണം നടത്താൻ.

2021 ജൂൺ 11 മുതൽ അന്നന്ന് വിതരണം ചെയ്യുന്ന നടീൽ വസ്തുക്കൾ സംബന്ധിച്ച വിവരങ്ങൾ അന്നന്നു തന്നെ പോർട്ടലിൽ അപ്-ലോഡ് ചെയ്യേണ്ടതാണ്.

എല്ലാ മാസവും 3 തിയതിക്ക് മുമ്പായി എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രസ്തുത പ്രൊഫോർമ്മയിൽ തന്നെ നൽകേണ്ടതാണ്. ഫലവർഗ്ഗ വിളകളുടെ വികസനം (ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ്) പദ്ധതി നടത്തിപ്പിലേയ്ക്കായി അനുവദിച്ചിട്ടുള്ള തുക 2401-00-119-79 (P) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

ഒപ്പ്
കൃഷി ഡയറക്ടർ

**ഉള്ളടക്കം:-**

അനുബന്ധം A (phase 1), A1 (phase 2), A2 (phase 1&2 Total) മുതൽ D വരെ

Joint Director of Agriculture (VC)
Directorate of Agriculture Development
& Farmer's Welfare Department
Vikas Bhavan, TVPM - 33

**പകർപ്പ്**

1. മിഷൻ ഡയറക്ടർ, ദേശീയ തൊഴിലുറപ്പ് പദ്ധതി (ആമുഖ കത്ത് സഹിതം)
2. മിഷൻ ഡയറക്ടർ, കുടുംബശ്രീ, (ആമുഖ കത്ത് സഹിതം)
3. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വി. എഫ്.പി.സി.കെ.
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ.എസ്.എ.എം.എം.
6. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ
7. എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർക്കും
8. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
9. എല്ലാ കൃഷി ജോയിന്റ് ഡയറക്ടർമാർക്കും
10. ഐ.ടി. സെൽ
11. ഓഫീസ് കോപ്പി
12. സ്റ്റോക്ക് ഫയൽ

s

# Annexure -A

| Phase - 1 | | | | | | | | |
|---|---|---|---|---|---|---|---|---|
| **District wise Availability of One Crore Fruit Plants for Distribution during the 1st Phase (June 2021 -Sept 2021)** | | | | | | | | |
| **Sl. No.** | **Name of District** | **Name of Institution** | **Grafts** | **Layers** | **T C plants** | **Suckers** | **Seedlings** | **Total** |
| 1 | **Thiruvananthapuram** | **1. KAU** | | | | | | |
| | | KAU – IF Vellayani | 4700 | | | | 4000 | **8700** |
| | | ***Total KAU*** | **4700** | **0** | **0** | **0** | **4000** | **8700** |
| | | **2.KSAMM (ASC- &KKS)** | 0 | 0 | 0 | 46900 | 45245 | 92145 |
| | | **3. Dept. Farms** | **29000** | **13200** | **25000** | **8000** | **224000** | **299200** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **25015** | **25015** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **42700** | **31000** | **37500** | **76300** | **319603** | **507103** |
| 2 | **Kollam** | **1. KAU** | | | | | | **0** |
| | | KAU – FSRS Kottarakkara | 8000 | | | | | **8000** |
| | | ***Total KAU*** | **8000** | **0** | **0** | **0** | **0** | **8000** |
| | | **2. KSAMM (ASC- &KKS)** | 0 | 0 | 0 | 0 | 9630 | 9630 |
| | | **3. Dept. Farms** | **34500** | **7000** | **19000** | **0** | **195000** | **255500** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **38771** | **38771** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **51500** | **24800** | **31500** | **21400** | **264744** | **393944** |
| **3** | **Pathanamthitta** | **1. KAU** | | | | | | **0** |
| | | **2. KSAMM (ASC- &KKS)** | 0 | 0 | 12000 | 46600 | 53000 | 111600 |
| | | **3. Dept. Farms** | **40100** | | | | **154000** | **194100** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **22894** | **22894** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **49100** | **17800** | **24500** | **68000** | **251237** | **410637** |
| 4 | **Alappuzha** | **1. KAU** | | | | | | **0** |
| | | KAU – ORARS – Kayamkulam | | | 2000 | | | **2000** |
| | | ***Total KAU*** | **0** | **0** | **2000** | **0** | **0** | **2000** |
| | | **2. KSAMM (ASC- &KKS)** | 0 | 0 | 0 | 20450 | 17400 | 37850 |
| | | **3. Dept. Farms** | **10039** | **8600** | **0** | **500** | **145000** | **164139** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **34883** | **34883** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **19039** | **26400** | **14500** | **42350** | **218626** | **320915** |
| 5 | **Kottayam** | **1. KAU** | | | | | | **0** |
| | | KAU- KVK Kottayam | 200 | | | | | **200** |
| | | KAU- RARS Kumarakom | 3000 | | | | | **3000** |
| | | ***Total KAU*** | **3200** | **0** | **0** | **0** | **0** | **3200** |
| | | **2. KSAMM (ASC- &KKS)** | 0 | 0 | 0 | 26500 | 40550 | 67050 |
| | | **3. Dept. Farms** | **27226** | **16630** | **0** | **0** | **132000** | **175856** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **34452** | **34452** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **39426** | **34430** | **12500** | **47900** | **228345** | **362601** |
| **6** | **Idukki** | **1. KAU** | | | | | | **0** |
| | | **2. KSAMM (ASC- &KKS)** | 0 | 0 | 0 | 39250 | 58750 | 98000 |
| | | **3. Dept. Farms** | **12000** | **7000** | **43000** | **0** | **250000** | **312000** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **12102** | **12102** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **21000** | **24800** | **55500** | **60650** | **342195** | **504145** |
| 7 | **Ernakulam** | **1. KAU** | | | | | | **0** |
| | | KAU- Pineapple RS Vazhakkulam | | | | | 10000 | **10000** |
| | | KAU- AMPRS Odakali | | | | | | **0** |
| | | KAU – RRS Vyttila | | | 110000 | | | **110000** |
| | | ***Total KAU*** | **0** | **0** | **110000** | **0** | **10000** | **120000** |
| | | **2. KSAMM (ASC- &KKS)** | 0 | 0 | 0 | 0 | 0 | 0 |
| | | **3. Dept. Farms** | **27500** | **3700** | **0** | **6000** | **200000** | **237200** |
| | | **4.VFPCK** | **13000** | **18600** | **12500** | **91800** | **15400** | **151300** |
| | | **5.MGNRES** | | | | | **24549** | **24549** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **40500** | **22300** | **122500** | **97800** | **257092** | **540192** |
| 8 | **Thrissur** | **1. KAU** | | | | | | **0** |
| | | KAU – ARS Mannuthy | 32500 | 3500 | | | 12000 | **48000** |
| | | KAU- Banana RS, Kannara | | | 30000 | | | **30000** |
| | | KAU- FCRS Vellanikkara | | | | | 5500 | **5500** |
| | | KAU- KVK Trissur | 2000 | | | | | **2000** |

Created in Master PDF Editor

## Phase - 1

### District wise Availability of One Crore Fruit Plants for Distribution during the 1st Phase (June 2021 -Sept 2021)

| Sl. No. | Name of District | Name of Institution | Grafts | Layers | T C plants | Suckers | Seedlings | Total |
|---|---|---|---|---|---|---|---|---|
| | | KAU – PPNMU Vellanikkara | 23500 | 5000 | | | 20000 | **48500** |
| | | KAU – CoH Vellanikkara | 700 | 1225 | | | 1000 | **2925** |
| | | KAU – CPBMB Vellanikkara | | | 17000 | | | **17000** |
| | | KAU – IF Vellanikkara | 13800 | 3300 | | | | **17100** |
| | | KAU-CRS Madakkathara | | | | | **3000** | **3000** |
| | | KAU-ARS Chalakkudy | 1600 | | | | | **1600** |
| | | ***Total KAU*** | **74100** | **13025** | **47000** | **0** | **41500** | **175625** |
| | | **2. KSAMM (ASC- &KKS)** | 0 | 0 | | 0 | 45450 | 45450 |
| | | **3. Dept. Farms** | **16170** | **13100** | **0** | **0** | **300000** | **329270** |
| | | **4.VFPCK** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **38743** | **38743** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **99270** | **43925** | **59500** | **21400** | **447036** | **671131** |
| 9 | **Palakkad** | **1. KAU** | | | | | | **0** |
| | | KAU- RARS Pattambi | 15500 | | 4000 | | | **19500** |
| | | ***Total KAU*** | **15500** | **0** | **4000** | **0** | **0** | **19500** |
| | | **2. KSAMM (ASC- &KKS)** | **0** | **0** | **0** | **0** | **37100** | **37100** |
| | | **3. Dept. Farms** | **6300** | **2500** | **0** | **0** | **610000** | **618800** |
| | | **4.VFPCK** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **6116** | **6116** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **30800** | **20300** | **16500** | **21400** | **674559** | **763559** |
| 10 | **Malappuram** | **1. KAU** | | | | | | **0** |
| | | KAU- ARS Anakayam | 9200 | 300 | | | 6800 | **16300** |
| | | KAU – IF Thavanoor | 1000 | | | | | **1000** |
| | | ***Total KAU*** | **10200** | **300** | **0** | **0** | **6800** | **17300** |
| | | **2. KSAMM (ASC- &KKS)** | 0 | 0 | 2000 | 15700 | 40625 | 58325 |
| | | **3. Dept. Farms** | **11850** | **17740** | **0** | **300** | **400000** | **429890** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **22858** | **22858** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **31050** | **35840** | **14500** | **37400** | **491626** | **610416** |
| **11** | **Kozhikkode** | **1. KAU** | | | | | | **0** |
| | | **2. KSAMM (ASC- &KKS)** | 0 | 0 | 0 | 275150 | 259425 | 534575 |
| | | **3. Dept. Farms** | **7000** | **3450** | **0** | **0** | **175000** | **185450** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **5030** | **5030** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **16000** | **21250** | **12500** | **296550** | **460798** | **807098** |
| 12 | **Wayanad** | **1. KAU** | | | | | | **0** |
| | | KAU- RARS Ambalavayal | | 5000 | | | 35000 | **40000** |
| | | KAU-KVK Wayanad | 2500 | | | | | **2500** |
| | | ***Total KAU*** | **2500** | **5000** | **0** | **0** | **35000** | **42500** |
| | | **2.KSAMM (ASC- &KKS)** | 0 | 0 | 0 | 136150 | 75500 | 211650 |
| | | **3. Dept. Farms** | | | | | | **0** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **24378** | **24378** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **11500** | **22800** | **12500** | **157550** | **156221** | **360571** |
| **13** | **Kannur** | **1. KAU** | | | | | | **0** |
| | | 2. KSAMM (ASC- &KKS) | 0 | 0 | 0 | 70850 | 25775 | 96625 |
| | | **3. Dept. Farms** | **32815** | **6080** | **85000** | **0** | **170000** | **293895** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **37406** | **37406** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7143** | **7143** |
| | | **Total District** | **41815** | **23880** | **97500** | **92250** | **254524** | **509969** |
| 14 | **Kasargod** | **1. KAU** | | | | | | **0** |
| | | KAU- RARS Pilicode | 1300 | | 1000 | | 200 | **2500** |
| | | KAU – CoA Padannakad | 6000 | | 11000 | | 500 | **17500** |
| | | ***Total KAU*** | **7300** | **0** | **12000** | **0** | **700** | **20000** |
| | | **2.KSAMM (ASC- &KKS)** | **0** | **0** | **0** | **0** | **0** | **0** |
| | | **3. Dept. Farms** | **10500** | **0** | **0** | **0** | **120000** | **130500** |
| | | **4.VFPCK (SKS)** | **9000** | **17800** | **12500** | **21400** | **14200** | **74900** |
| | | **5.MGNRES** | | | | | **22803** | **22803** |
| | | **6. KUDUMBASREE** | **0** | **0** | **0** | **0** | **7141** | **7141** |
| | | **Total District** | **26800** | **17800** | **24500** | **21400** | **164844** | **255344** |
| | **ABSTRACT** | | | | | | | |

Created in Master PDF Editor

| Phase - 1 | | | | | | | | |
|---|---|---|---|---|---|---|---|---|
| District wise Availability of One Crore Fruit Plants for Distribution during the 1st Phase (June 2021 -Sept 2021) | | | | | | | | |
| Sl. No. | Name of District | Name of Institution | Grafts | Layers | T C plants | Suckers | Seedlings | Total |
| | | 1. KAU | 125500 | 18325 | 175000 | 0 | 98000 | 416825 |
| | | 2. KSAMM (ASC- &KKS) | 0 | 0 | 14000 | 677550 | 708450 | 1400000 |
| | | 3. Dept. Farms | 265000 | 99000 | 172000 | 14800 | 3075000 | 3625800 |
| | | 4.VFPCK | 130000 | 250000 | 175000 | 370000 | 200000 | 1125000 |
| | | 5.MGNRES | 0 | 0 | 0 | 0 | 350000 | 350000 |
| | | 6. KUDUMBASREE | 0 | 0 | 0 | 0 | 100000 | 100000 |
| | | **Grand Total** | 520500 | 367325 | 536000 | 1062350 | 4531450 | 7017625 |

Created in Master PDF Editor

Annexure -A(1)

| Phase-2 | | | | | | | | |
|---|---|---|---|---|---|---|---|---|
| **District wise Availability of One Crore Fruit Plants for Distribution during the 2nd Phase (oct 2021-Feb 2022)** | | | | | | | | |
| **Sl. No.** | **Name of District** | **Name of Institution** | **Grafts** | **Layers** | **T C plants** | **Suckers** | **Seedlings** | **Total** |
| 1 | **Thiruvananthapuram** | **1. KAU** | | | | | | |
| | | KAU – IF Vellayani | 13300 | | | | 1000 | 14300 |
| | | ***Total KAU*** | **13300** | **0** | **0** | **0** | **1000** | 14300 |
| | | **2.KSAMM (ASC- &KKS)** | **0** | **0** | **0** | **0** | **0** | 0 |
| | | **3. Dept. Farms** | **28000** | **2500** | **125000** | **6000** | **84000** | 245500 |
| | | **4.VFPCK (SKS)** | **10700** | **10700** | **8900** | **14280** | **17850** | 62430 |
| | | **5.MGNRES** | | | | | **46456** | 46456 |
| | | **6. KUDUMBASREE** | | | | | **0** | 0 |
| | | **Total District** | **52000** | **13200** | **133900** | **20280** | **149306** | **368686** |
| 2 | **Kollam** | **1. KAU** | | | | | | 0 |
| | | KAU – FSRS Kottarakkara | 12000 | | | | 2000 | 14000 |
| | | ***Total KAU*** | **12000** | **0** | **0** | **0** | **2000** | 14000 |
| | | **2. KSAMM (ASC- &KKS)** | **0** | **0** | **0** | **0** | **0** | 0 |
